"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - വാർഷിക പദ്ധതി 2020-21 (പ്ലാൻ സ്കീം) - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt) No.1036/2020/LSGD തീയതി,തിരുവനന്തപുരം, 03/06/2020

---

പരാമർശം:- 1 സർക്കുലർ നമ്പർ 21/2020/ധന തീയതി 08.04.2020

2 30.04.2020-ലെ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം

3 നഗരകാര്യ ഡയറക്ടറുടെ 18.05.2020-ലെ ഡി.സി.3-11328/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായി 2020-21 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 2217-80-800-76 എന്ന ശീർഷകത്തിന് കീഴിൽ വകയിരുത്തിയിട്ടുള്ള 7 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തെ നഗര തൊഴിലുറപ്പ് പദ്ധതിക്കായുള്ള 40,71,07,624/-രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിരുന്നതായും ടി തുക നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി മാറി നല്കിയിട്ടുള്ളതായും പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ അറിയിക്കുകയുണ്ടായി. ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകൾക്ക് നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതം വിനിയോഗിക്കേണ്ടി വരുന്ന സാഹചര്യത്തിൽ ടി ബില്ലുകളുടെ തുക കിഴിച്ചുള്ള ബഡ്ജറ്റ് വിഹിതത്തിന് മാത്രമേ ഭരണാനുമതി പുറപ്പെടുവിക്കാൻ പാടുള്ളു എന്ന് പരാമർശം (1) ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി വകയിരുത്തിയ 7 5 കോടി രൂപയിൽ നിന്നും മേൽ പരാമർശിച്ച 40,71,07,624/-രൂപ കിഴിച്ച് 34,28,92,376/- രൂപയ്ക്ക് ഭരണാനുമതി നൽകണമെന്നും നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശിച്ച സാഹചര്യത്തിൽ അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 7 5 കോടി രൂപയിൽ നിന്നും ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിരുന്ന മുൻസാമ്പത്തിക വർഷത്തെ ബിൽ തുകയായ 40,71,07,624/-രൂപ കിഴിച്ച് 34,28,92,376/- രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ടി തുക 2217-80-800-76 എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJUKUTTAN.M.S
ADDITIONAL SECRETARY

പകർപ്പ്: നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.06.. 14:08:40 IST
Reason: Approved

സെക്ഷൻ ഓഫീസർ